"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കുടുംബശ്രീ-ജീവനക്കാര്യം-ശ്രീ.അരുൺകുമാർ.ജി. (ഹെഡ് ക്ലർക്ക്, താലൂക്ക് ഓഫീസ്, ഇരിട്ടി)-യുടെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.568/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/02/2021

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന.നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ധന

3 25.01.2020-ലെ സ.ഉ(സാധാ)നം.200/2020/തസ്വഭവ

4 കുടുംബശ്രീ ഡയറക്ടറുടെ 15.02.2021-ലെ 895/ഇ1/2020/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

ഉത്തരവ്

കണ്ണൂർ ഇരിട്ടി താലൂക്ക് ഓഫീസിലെ ഹെഡ് ക്ലർക്ക് ആയ ശ്രീ.അരുൺ കുമാർ. ജി-യെ പരാമർശം (3)-ലെ സർക്കാർ ഉത്തരവു പ്രകാരം കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാളുടെ അന്യത്ര സേവന കാലാവധി 31.01.2021 തീയതിയിൽ അവസാനിച്ചതായും 01.02.2021 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (4) കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അരുൺ കുമാർ. ജി-യുടെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 01.02.2021 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.അരുൺ കുമാർ. ജി (ലാന്റ് റവന്യൂ കമ്മീഷണർ മുഖേന)

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള.തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ),കേരള

File No.LSGD-IA1/74/2021-LSGD

തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ